**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 176** **08-08-2023 - ൽ മറുപടിയ്ക്ക്**

**ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പോലുള്ള പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനായി ഓരോ സി.എച്ച്.സി. കളിലും സ്ഥല ലഭ്യതയ്ക്കനുസരിച്ച് ഐസൊലേഷൻ വാർഡുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | 26/07/2021 തീയതിയിലെ GO (Rt) 1555/2021/H&FWD സർക്കാർ ഉത്തരവ് പ്രകാരം കോവിഡ് പോലുള്ള പകർച്ചവ്യാധികളെ പ്രതിരോധിക്കുന്ന തിനായി ഓരോ നിയോജക മണ്ഡലത്തിലും തിരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിൽ ഐസൊലേഷൻ വാർഡ് നിർമ്മാണം ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ 90 സ്ഥാപനങ്ങളിൽ നിർമ്മാണം നടത്തുന്നതിന് തീരുമാനിക്കുകയും അതിൽ പ്രവർത്തന അനുമതി നൽകി പ്രവർത്തി ആരംഭിച്ച 82 സ്ഥാപനങ്ങളിൽ 25 എണ്ണം നിർമ്മാണം പൂർത്തിയാക്കുകയും അതിൽ 10 എണ്ണം ഉദ്ഘാടനം നടത്തിയിട്ടുമുണ്ട്. |
| (ബി) | എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ചാണോ ഐസൊലേഷൻ വാർഡുകൾ നിർമ്മിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ; കോഴിക്കോട് ജില്ലയിലെ ഐസൊലേഷൻ വാർഡുകളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ? | (ബി) | 26/07/2021 തീയതിയിലെ GO(Rt)1555/2021/H & FWD സർക്കാർ ഉത്തരവ് പ്രകാരം ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണത്തിനായി 50% കിഫ്ബി ഫണ്ടും 50% എം എൽ എ ആസ്തി വികസന ഫണ്ടും ഉൾപ്പെടെ 1,75,96,748/- രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്.<br><br>കോഴിക്കോട് ജില്ലയിലെ ഐസൊലേഷൻ വാർഡുകളുടെ പ്രവർത്തനം ചുവടെ ചേർക്കുന്നു<br><br>കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ ഗവൺമെന്റ് ഡെർമറ്റോളജി ആശുപത്രി, കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ സർക്കാർ മാനസികാരോഗ്യ കേന്ദ്രം എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. കുറ്റ്യാടി മണ്ഡലത്തിലെ സിഎച്ച്സി കുന്നുമേലിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം പൂർത്തിയായി. വടകര മണ്ഡലത്തിലെ സിഎച്ച്സി ഓർക്കാട്ടേരി, കൊടുവള്ളി മണ്ഡലത്തിലെ സിഎച്ച്സി നരിക്കുനി, കൊയിലാണ്ടി മണ്ഡലത്തിലെ സി.എച്ച് സി മേലടി, തിരുവമ്പാടി മണ്ഡലത്തിലെ |

| | | | |
|---|---|---|---|
| | | | സിഎച്ച്സി മുക്കം എന്നിവിടങ്ങളിലെ ഐസൊലേഷൻ വാർഡുകളുടെ 60% പ്രവർത്തികൾ പൂർത്തിയായി. ബാലുശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട് സിഎച്ച്സി യിലെ ഐസൊലേഷൻ വാർഡിന്റെ 45% പ്രവർത്തികൾ പൂർത്തിയായി. കുന്നമംഗലം മണ്ഡലത്തിലെ സിഎച്ച്സി ഒളവണ്ണയിലെ പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനം ആരംഭി ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ